# നോവൽ വിമർശനത്തിന്റെ പെൺവഴികൾ



എഡിറ്റർ
ഡോ. എൽ. സുഷമ

Malayalam
Novel Vimarsanathinte Penvazhikal
( Criticism )
Edited by
Dr L. Sushama
First published : June 2015
Publisher :
Alumni,
Sreesankaracharya University of Sanskrit
Regional Centre, Tirur – 676301
Publication officer : Dr Anees Alangadan
Cover Design : Hasbykottakkal
Type setting : Baiju
Printed at : Lipi Malappuram
Copies: 1000
Rights reserved with Editor
ISBN: 978-93-85312-02-1

Price Rs. 200

മുഖം തുറന്നിട്ടപ്പോൾ കണ്ടത് 110
ഡോ.എ.ഷീലാകുമാരി

സ്ത്രൈണാവിഷ്കാരത്തിലെ ഭൂതാവേശങ്ങൾ: കെ.പി. സുധീരയുടെ നോവലുകൾ വായിക്കുമ്പോൾ 117
നസീറ എം.എസ്

കുറ്റാന്വേഷണത്തിന്റെ പെൺവഴികൾ 123
ഡോ. സുഷമ. എൽ

പിറയിലെ സ്ത്രൈണ കർത്തൃത്വം 135
സരിത .കെ

സ്ത്രീവാദം-സംവേദനവും ആഖ്യാനവും റാബിയയിൽ 142
മുംതസ്. പി.കെ

മീരാസാധു: ഉടലും പ്രതിരോധവും 152
ഡോ. ഷീബാദിവാകരൻ

മുന്തിരിത്തോട്ടങ്ങളുടെ കാവൽക്കാരികൾ 158
ഡോ.ആർ.ശ്രീലതാവർമ്മ

# മുഖം തുറന്നിട്ടപ്പോൾ കണ്ടത്

ഡോ.എ.ഷീലാകുമാരി

നോവലിനെപ്പോലെ എഴുത്തുകാരന്റെ ഉത്കണ്ഠകളെയും സന്ദേഹങ്ങളെയും സന്തോഷത്തെയും സന്താപത്തെയും സംവാദാത്മക സ്വഭാവത്തോടെ പങ്കുവയ്ക്കാൻ കഴിയുന്ന മറ്റൊരു സാഹിത്യരൂപമില്ല. മലയാളത്തിൽ ചന്തുമേനോനിൽത്തന്നെ ഈ സ്വഭാവം തുടങ്ങുന്നുണ്ട്. എഴുത്തുകാരന്റെ ഇംഗിതത്തിനനുസരിച്ച് വളയാനും രൂപം മാറാനും പൂർവ്വസ്ഥിതി പ്രാപിക്കാനും ചരിത്രത്തെയും രാഷ്ട്രീയത്തെയും ശാസ്ത്രത്തെയും കവിതയെയുമെല്ലാം ഉൾക്കൊള്ളാനും നോവലിന്റെ വിശാലമായ ക്യാൻവാസിന് സ്വാഭാവികമായും കഴിയാറുണ്ട്. നോവലിന്റെ ഈ സാധ്യതകളെയെല്ലാം ഉപയോഗിച്ചുകൊണ്ടാണ് ഖദീജ മുംതാസ് എന്ന എഴുത്തുകാരി 'ബർസ' എന്ന നോവൽ രചിക്കുന്നത്.

ഇസ്ലാംമതത്തെക്കുറിച്ചും ഇസ്ലാംമതത്തിനുള്ളിൽ സ്ത്രീകൾക്ക് അനുഭവിക്കേണ്ടിവരുന്ന അടിമത്തത്തെക്കുറിച്ചും വിമർശനാത്മകമായി വിലയിരുത്തുകയോ സംവദിക്കുകയോ ചെയ്യുന്ന കൃതികൾ ഇസ്ലാമിക് ഫെമിനിസത്തിന്റെ ഭാഗമായി ഉണ്ടായിട്ടുണ്ട്. സ്ത്രീയെ ഏറ്റവുമധികം ബഹുമാനിക്കാൻ പഠിപ്പിക്കുന്ന ഒരു മതസംഹിത പിൽക്കാലത്ത് സ്ത്രീവിരുദ്ധമായിത്തീർന്നതിന്റെ വൈരുധ്യാത്മകതയാണ് ഇസ്ലാമിക് ഫെമിനിസം ചർച്ച ചെയ്യുന്നത്. ഫാത്തിമ മെർനിസ്സി, ആമിനാവുദൂത്, അസ്മർലാസ് തുടങ്ങിയ മുസ്ലീം സ്ത്രീകൾ പാശ്ചാത്യലോകത്ത് ജീവിക്കുകയും സ്വാതന്ത്ര്യം എന്ന വാക്കിന്റെ അർത്ഥത്തെ തിരിച്ചറിയുകയും ചെയ്യുന്നതോടെയാണ് ഇസ്ലാമിക് ഫെമിനിസം ശക്തിപ്രാപിക്കുന്നത്. എന്നാൽ ഹദീസു കൾക്ക് മുസ്ലീംജീവിതത്തിലെ സ്ഥാനമറിയാവുന്നവർ പരിഷ്ക്കാരണത്തെ ഭയപ്പെടുകയാണ് ചെയ്തത്.

സൗദി അറേബ്യയിൽ ഏഴുവർഷക്കാലം ഡോക്ടറായി സേവനമനുഷ്ഠിച്ച ഡോ.ഖദീജാമുംതാസിന് 'ബർസ'യുടെ രചനയ്ക്ക് പ്രേരണയാവുന്നത് സൗദിയിലെ. ജീവിതമാണ്. ഏഴാം നൂറ്റാണ്ടിൽ